# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവൺമെൻറ് സംസ്കൃതം ഹയർസെക്കൻഡറി സ്കൂൾ

തൃപ്പൂണിത്തുറ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെൻറ് സംസ്കൃതം ഹയർസെക്കൻഡറി സ്കൂൾ തൃപ്പൂണിത്തുറ |
| വിലാസം | : | എസ് എൻ ജംഗ്ഷൻ ,തൃപ്പൂണിത്തുറ എറണാകുളം 6 8 2 3 0 1 |
| ഫോൺ: | : | 0 48 4 2 7 8 5 3 2 |
| സ്കൂൾ കോഡ് | : | 2 6 0 7 1 |
| വിദ്യാഭ്യാസ ഉപജില്ല | : | തൃപ്പൂണിത്തുറ |
| വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി ആർ സി | : | തൃപ്പൂണിത്തുറ |
| സി ആർ സി | : | എറണാകുളം |
| മുൻസിപ്പാലിറ്റി | : | തൃപ്പൂണിത്തുറ |
| നിയമസഭാ മണ്ഡലം | : | തൃപ്പൂണിത്തുറ |
| ലോകസഭാ മണ്ഡലം | : | എറണാകുളം |
| താലൂക്ക് | : | കണയന്നൂർ |
| വില്ലേജ് | : | നടമ |
| ഇമെയിൽ | : | sktsh2006@gmail.com |

# ആമുഖം

കൊച്ചി രാജ്യത്തിന്റെ ഭരണസിരാ കേന്ദ്രമായി രുന്ന തൃപ്പൂണിത്തുറയിലാണ് വിദ്യാലയം. ആധുനിക കൊച്ചിയുടെ ശില്പി എന്നറിയപ്പെടുന്ന രാജർഷി രാമവർമ്മ 1895-ൽ കൊച്ചിയുടെ ഭരണം ഏറ്റെടുത്തു. അതിനു ശേഷം തന്റെ ഗുരുവായ ശേഷാചാര്യന്റെ ഓർമ്മയ്ക്കായി സംസ്കൃത പഠനത്തിന് അനൗപചാരികമായ സൗകര്യങ്ങൾ തൃപ്പൂണിത്തുറയിൽ ഏർപ്പെടുത്തിയിരുന്നു. 1914-ൽ സംസ്കൃതത്തിലെ ഉപരി ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനം ഉണ്ടാകണമെന്ന് ആ ഗ്രഹിക്കുകയും, അതിൻ പ്രകാരം സംസ്കൃത പഠനത്തിനായി സംസ്കൃത പാഠശാല സ്ഥാപിക്കുകയും ചെയ്തു. 14-01-1914 ൽ സംസ്കൃത പാഠശാല, ശ്രീ രാമവർമ്മ സംസ്കൃത കോളേജ് തൃപ്പൂണിത്തുറ എന്ന പേരിൽ നിലവിൽ വന്നു. അവിടെ കാവ്യഭൂഷണം, ശാസ്ത്ര ഭൂഷണം എന്നിങ്ങനെ രണ്ട് കോഴ്സുകൾ ആരംഭിച്ചു. . 1951 മുതൽ കാവ്യഭൂഷണം കോഴ്സസ് സംസ്കൃത ഹൈസ്കൂൾ ആക്കി മാറ്റുകയും ശാസ്ത്ര ഭൂഷണം കോഴ്സുകളിലേക്കുള്ള പ്രവേശനം നിർത്തലാക്കുകയും ചെയ്തു.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ശിശു സൗഹൃദ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക

- അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

- അധ്യാപകനും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

## വിദ്യാലയത്തിന്റെ ചരിത്രം

1914-ൽ രാജർഷി രാമവർമ്മ സ്ഥാപിച്ച സംസ്കൃത പാഠശാല 1951 - ലാണ് സംസ്കൃത ഹൈസ്കൂളായി മാറിയത്. 1957- ൽ ഹൈസ്കൂളിലെ ആദ്യ ബാച്ച് വിദ്യാർത്ഥികൾ SSLC പരിക്ഷ എഴുതി. SSLC--ക്ക് നൂറുശതമാനം വിജയം നേടുന്ന എറണാകുളം ജില്ലയിലെ ഏക സർക്കാർ വിദ്യാലയമായിരുന്ന സംസ്കൃത ഹൈസ്കൂൾ.ഹൈസ്കൂൾ വിഭാഗം കോളേജ് പ്രിൻസിപ്പലിന്റെ കിഴിൽത്തന്നെ ആയിരുന്നു. 1964-ലാണ് ഹൈസ്കൂളിന്റെ നിയന്ത്രണം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭിച്ചത്. 2000 ത്തിൽ ഹയർസെക്കൻഡറി ആയി ഉയർത്തപ്പെട്ടു.

അഞ്ചാം ക്ലാസ്സ് മുതൽ ഹയർസെക്കണ്ടറി വരെ വിവിധ ക്ലാസ്സുകളിലായി 250- ൽപരം പഠിതാക്കളുണ്ട്. തുടർച്ചയായി എസ് എസ് എൽ സി ക്ക് 100% വിജയം നേടാൻ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്.

ജയസൂര്യ (പ്രശസ്ത സിനിമാതാരം ), പ്രൊഫസർ  വിജയകുമാർ സി. ജി. (വൈസ് ചാൻസലർ, മഹർഷി പാണിനി സംസ്കൃത വൈദിക സർവ്വകലാശാല ഉജ്ജയിനി), പ്രേംകുമാർ (അസിസ്റ്റന്റ് രജിസ്ട്രാർ എം.ജി യൂണിവേഴ്സിറ്റി) തുടങ്ങി രാഷ്ട്രിയ സാമൂഹിക രംഗങ്ങളിൽ സാന്നിദ്ധ്യ മറിയിച്ച നിരവധിപേർ ഇവിടത്തെ പൂർവ്വവിദ്യാർത്ഥികളാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- മോചനം അരുളുന്നത് എന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനു ആയുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോ ഫ്രെയ്റുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം ദീനാനുമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ .
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ .
- ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ .
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ .

<u>പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ</u>

- എസ്.ആർ ജി യോഗത്തിൽ ഗവൺമെൻറ് സംസ്കൃത സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും .

വികസനാവശ്യങ്ങൾ ക്ലാസ് വിഷയം അടിസ്ഥാനത്തിൽ ഭൗതിക അക്കാദമിക സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

- കരട് രൂപരേഖ SRG,SMC, MPTA ,OSA,SDC, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

പിടിഎ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥാ വിശകലനം

**1) ഭൗതികം -നേട്ടങ്ങൾ**

2023 ൽ സർക്കാർ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി എട്ട് ക്ലാസ് മുറികളുള്ള പുതിയ സ്കൂൾ കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട് പ്രസ്തുത കെട്ടിടത്തിലെ 6 ക്ലാസ് മുറികൾ ഹൈടെക് സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഡിജിറ്റൽ ലൈബ്രറിയും ഈ കെട്ടിടത്തിൽ ഉണ്ട് 6 മുതൽ 10 വരെയുള്ള ക്ലാസിലെ കുട്ടികളുടെ സയൻസ് സാമൂഹ്യശാസ്ത്രം ഗണിതം വിഷയങ്ങളിലെ പഠനനിലവാരം ഉയർത്തുന്നതിനായി കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്ന പേരിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലാബ് സജ്ജീകരിച്ചിട്ടുണ്ട്

**2) ഭൗതികം - പരിമിതികൾ**

സയൻസ് ലാബിലും കമ്പ്യൂട്ടറിൽ ലാബിലും നിലവിൽ മതിയായ സൗകര്യങ്ങൾ ഇല്ല പുതിയ കെട്ടിടത്തോട് ചേർന്ന് അടുക്കളയും ഭോജനശാലയും ആവശ്യമാണ് ഓഡിറ്റോറിയം നിലവിലില്ല ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട് .

**3) അക്കാദമികം - നേട്ടങ്ങൾ**

എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നിലനിർത്തുന്നു കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും കുട്ടികൾ കഴിവുക തെളിയിക്കാറുണ്ട്.

**4) അക്കാദമികം - പരിമിതികൾ**

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർധിക്കേണ്ടതുണ്ട് ബോറികൾ ആധുനികവൽക്കരിക്കണം കലാകായിക പരിശീലനത്തിന് അധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല

# സംസ്കൃതം

## പൊതുവായ ലക്ഷ്യങ്ങൾ

1,സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും സംസ്കൃത ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

2,ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക

3, സംസ്കൃതഭാഷാപഠനം ലളിതവും, രസകരവും , ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4, സംസ്കൃതഭാഷാപഠനം - കുട്ടികളെ ദേശസ്നേഹികളും ഭാഷാ സ്നേഹികളും ആക്കുക.

5,ഭിന്ന ശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| up, HS തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ , പദങ്ങൾ ഉറപ്പിക്കൽ. | . അക്ഷരം എഴുത്ത്<br>. ചിഹ്നം ഉറപ്പിക്കൽ<br>. അക്ഷര കാർഡ്<br>. അക്ഷരമാല കളികൾ<br>. വാക്കുകൾ എഴുതിയ കാർഡ്<br>. വാക്കുകളുടെ നിർമ്മാണം | ജൂൺ<br>ജൂലൈ | സംസ്കൃത അധ്യാപിക | |
| വിദ്യാലയത്തിലും വീട്ടിലും മറ്റു സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ | . വസ്തുക്കളുടെ ചിത്രങ്ങൾ ശേഖരിക്കുകയും അവ ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യുക. | ഓഗസ്റ്റ്<br>സെപ്റ്റംബർ | സംസ്കൃത അധ്യാപിക | |

| | | | |
|---|---|---|---|
| പഠിക്കുക. | . ICT സഹായത്തിലൂടെ വസ്തുക്കളുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ച് സംസ്കൃതം വാക്കുകൾ പറയിപ്പിക്കുക.<br>. CWSN കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക | അക്കാദമിക വർഷം | |
| HS തലത്തിലെ എല്ലാ കുട്ടികളെയും ചിത്രങ്ങൾ പ്രദർശിപ്പിച്ചു കൊണ്ട് വാക്കുകൾ പറയിപ്പിക്കുക. ചിത്രങ്ങളുടെ സഹായത്തോടെ അടിക്കുറിപ്പുകളും ചെറിയ കഥകളും പറയാനും എഴുതാനും പരിശീലിപ്പിക്കുക. വിദ്യാർത്ഥികൾക്ക് അവരുടെ അനുഭവങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ ക്ലാസ്സിൽ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുക. | കഥ, കവിത, യാത്രാനുഭവങ്ങൾ സംസ്കൃതത്തിൽ ക്ലാസിൽ അവതരിപ്പിക്കുക | അക്കാദമിക വർഷം | സംസ്കൃത അധ്യാപിക |
| പഠിതാക്കളുടെ കലാവാസനകൾ പരിപോഷിപ്പിക്കുക | . കുട്ടികളിലെ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്കൃതോത്സവത്തിൽ പങ്കെടുപ്പിക്കുന്നതിനുമായി രചനാ മത്സരങ്ങളും, മറ്റു കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനങ്ങൾ | അക്കാദമിക വർഷം | സംസ്കൃത അധ്യാപിക |

| | | | |
|---|---|---|---|
| | നൽകുന്നു. up തലം മുതൽ കലാരൂപങ്ങൾ ഭാഗികമായി പഠിപ്പിക്കുന്നു | | |
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം | അസംബ്ലി വിപുലീകരണം<br>. കുട്ടികളുടെ സംസ്കൃതം പരിപാടികൾ കൂടുതൽ ഉൾപ്പെടുത്തി കൊണ്ട് അസംബ്ലി നടത്തുന്നു.<br>കുട്ടികളുടെ കയ്യെഴുത്ത് പതിപ്പുകൾ പ്രകാശിപ്പിക്കുന്നു.<br>കുട്ടികളെ കൊണ്ട് പ്രതിജ്ഞ, കവി താലാപനം, വാർത്തകൾ, ചിന്താവിഷയം തുടങ്ങിയവ സംസ്കൃത ഭാഷയിൽ അവതരിപ്പിക്കുന്നു.<br>ക്ലാസ്സ് ലൈബ്രറി അധിക വായന സാമഗ്രികൾ (സംസ്കൃത മാസിക, സംസ്കൃതപത്രം)<br>സംസ്കൃത ക്ലബ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സംസ്കൃത അധ്യാപിക |
| വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് കുട്ടികൾക്കുള്ള സംസ്കൃത അധ്യയനം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ,കവിതകൾ , ലാപ്ടോപ്പിന്റെ സഹായത്തോടെ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സംസ്കൃത അധ്യാപിക |

**ENGLISH - UP**

| AIM | Activities | Month | Responsible Person |
|---|---|---|---|
| To encourage Listening &speaking. Introduse different genres. Enhance vocabulary .Enhance listening skills. | Interactive story telling sessions. discussing themes,characters to enhance listening skills | Throughout the year | English teacher |
| To encourage Reading . Develop basic reading,writing,listening and speaking skills. | Divide students in to small groups and provide them with age appropriate texts,such as short stories. Encourage students to take turns reading aloud and share their interpretations. | Throughout the year | English teacher |
| To develop writing skills Introduse grammatical concepts such as parts of speech,tenses and sentence structure. | Improve sentence structure.Practice for simple creative writing tasks. | Throughout the year | English teacher |
| Expand vocabulary through reading and interactive activities. | Interactive gramme r games. Structured grammer lessons with examples and practice exercises. | Throughout the year | English teacher |
| Language games ,puzzles and activities. | Intergrate language games and activities to reinforce vocabulary,grammer and language skills. | Throughout the year | English teacher |
| Assessment and feedback | Design range of assessment tasks and tools to measure students | Year end | English teacher |

| | | | |
|---|---|---|---|
| | language proficiency. | | |

# അക്കാദമിക് മാസ്റ്റർപ്ളാൻ- ഹിന്ദി

## യു.പി വിഭാഗം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.<br><br>അക്ഷരം എഴുത്ത്<br><br>ചിഹ്നം ഉറപ്പിക്കൽ. | ചിഹ്നം ഉറപ്പിക്കൽ.<br><br>അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br><br>class ൽ അക്ഷരമാല പ്രദർശനം.<br><br>. ഓൺലൈൻ അക്ഷരമാല കളികൾ.<br><br>വാക്കുകൾ എഴുതിയ കാർഡുകൾ.<br><br>വാക്കുകൾ നിർമ്മാണം<br><br>വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ആഗസ്ററ് വരെ | അക്ഷര ചാർട്ട് പാഠപുസ്തകം | BRC, DIET SCERT |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങ ൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br><br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br><br>CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | നിഘണ്ടു. | PTA, BRC Resource Teacher |

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>ക്ലാസ് ലൈബ്രറി<br>അധികവായന സാമഗ്രികൾ<br>ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം–അടിക്കുറുപ്പ്<br>ചിത്രം–കഥ പറയൽ<br>ചിത്രം–കഥ എഴുതൽ<br>കഥ ബാക്കിഎഴുതൽ<br>വായനമൂല<br>ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

| **ഹൈസ്കൂൾ വിഭാഗം** | | | | | |
|---|---|---|---|---|---|
| 1 | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | സ്കൂൾ ലൈബ്രറി | ഹിന്ദി അധ്യാപകർ |
| 2 | ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാ രുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണി ക്കുവാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ICT | ഹിന്ദി അധ്യാപകർ, രക്ഷിതാക്കൾ |
| 3 | വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ | | ഹിന്ദി അധ്യാപകർ, രക്ഷിതാക്കൾ |

# HS -ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമ യം നടത്താൻ പ്രാപ്തരാക്കുക. | **SPOKEN ENGLISH CLASS, ENGLISH LIBRARY ENGLISH ASSEMBLY** | അക്കാദമിക വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ |
| 2 സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | ചിത്ര വായന ലഘു കഥ നിർമ്മാണം. പബ്ലിക് സ്പീക്കിംഗ്, പത്രവായന പത്രവാർത്തകൾ തയ്യാറാക്കൽ, എൻറെ ഡയറി,ന്യൂസ് റീഡിങ് കോമ്പറ്റീഷൻ | അക്കാദമിക വർഷം മുഴുവൻ | \| അധ്യാപകർ ഇംഗ്ലീഷ് |
| 3 കവിതാലാപന ത്തിനും പന കവിതാരചന യ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | ക്ലാസ് പ്രവർത്തന ങ്ങൾ | അധ്യാപകർ ഇംഗ്ലീഷ് |
| 4 സാങ്കേതികവിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടു ത്തുക. | എഴുത്തുകാർ നിരൂപകർ വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖങ്ങൾ വീഡിയോ കോൺഫറൻസ് തുടങ്ങിയവ കാണുന്നതിനുള്ള അവസരം | തിരഞ്ഞെടു (൫൨൫) തീയതികളി ർ 08 | ഇംഗ്ലീഷ് അധ്യാപകർ |

# ഗണിതം - UP വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| രസകരമായ ഗണിതപഠനം | ഗണിതമൂല , ഗണിത പസിലുകൾ | ആഴ്ച തോറും | അധ്യാപകർ |
| മികച്ച ഗണിത പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ | ഗണിത ലൈബ്രറി തയ്യാറാക്കൽ | അക്കാദമിക വർഷം | അധ്യാപകർ |
| ജ്യാമിതിയിൽ താല്പര്യമുളവാക്കുക | ചാർട്ട് , മോഡൽ നിർമ്മാണം | അക്കാദമിക വർഷം - തെരഞ്ഞെടുത്ത തീയതികളിൽ | അധ്യാപകർ |
| ഗണിതപഠനത്തിൽ ശ്രദ്ധയും ഏകാഗ്രതയും വർദ്ധിപ്പിക്കൽ | സുഡോക്കു പൂരണ പരിശീലനം | ഒഴിവു സമയങ്ങളിൽ | ഗണിതാധ്യാപിക |
| ഗണിതശാസ്ത്രജ്ഞരെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുക | ശില്പശാല | അക്കാദമിക വർഷം - തെരഞ്ഞെടുത്ത തീയതിയിൽ | ഗണിതാധ്യാപിക |

# ഗണിതം - HS വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| രസകരമായ ഗണിതപഠനം | ഗണിതമൂല , ഗണിത പസിലുകൾ | ആഴ്ച തോറും | ഗണിത ക്ലബ് |
| മികച്ച ഗണിത പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ | ഗണിത ലൈബ്രറി തയ്യാറാക്കൽ | അക്കാദമിക വർഷം | ഗണിത ക്ലബ് , അധ്യാപകർ |
| ജ്യാമിതിയിൽ താല്പര്യമുളവാക്കുക | ചാർട്ട് , മോഡൽ നിർമ്മാണം | അക്കാദമിക വർഷം - തെരഞ്ഞെടുത്ത തീയതികളിൽ | ഗണിത ക്ലബ് , അധ്യാപകർ |
| ഗണിതത്തിൽ സൗന്ദര്യം കണ്ടെത്തുക | ഗണിത ആൽബം തയ്യാറാക്കൽ | അക്കാദമിക വർഷം - തെരഞ്ഞെടുത്ത തീയതികളിൽ | ഗണിത ക്ലബ് , അധ്യാപകർ |
| ഗണിതപഠനത്തിൽ ശ്രദ്ധയും ഏകാഗ്രതയും വർദ്ധിപ്പിക്കൽ | സുഡോക്കു പൂരണ പരിശീലനം | ഒഴിവു സമയങ്ങളിൽ | ഗണിതാധ്യാപിക |
| ഗണിതശാസ്ത്രജ്ഞരെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുക | ശില്പശാല | അക്കാദമിക വർഷം - തെരഞ്ഞെടുത്ത തീയതിയിൽ | ഗണിതാധ്യാപിക |

# യുപി വിഭാഗം  സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ചോദ്യങ്ങൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം സംഘടിപ്പിക്കുകയും  ഇവയെ പറ്റി കൂടുതൽ വ്യക്തമായ ധാരണ നൽകുകയും ചെയ്യുക | അക്കാദമിക് വർഷം മുഴുവനും | സാമൂഹിക ശാസ്ത്ര ക്ലബ്ബ് |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | തിരഞ്ഞെടുത്ത തീയതികളിൽ | സാമൂഹിക ശാസ്ത്ര ക്ലബ് |
| പാഠഭാഗവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സ്മാരകങ്ങൾ ഇവയെ നേരിട്ട് അറിയുന്നത് | ഇൻറർനെറ്റ് വഴി   സെർച്ച് ചെയ്തുകൊണ്ട് കണ്ടെത്താൻ അവസരം | അക്കാദമിക് വർഷം | സാമൂഹിക ശാസ്ത്ര ക്ലബ് |
| സാമൂഹിക ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിൻറെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം   കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ. ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# സാമൂഹ്യ ശാസ്ത്രം -അക്കാദമിക മാസ്റ്റർ പ്ലാൻ -H S വിഭാഗം

| *പ്രവർത്തനത്തിന്റെ പേര്* | *ലഘു വിശദീകരണം* | *പ്രവർത്തന കാലാവധി* | *ചുമതല* |
|---|---|---|---|
| മികവ് | പത്താം ക്ലാസിലെ പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായുള്ള പ്രത്യേക ക്ലാസ് | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| മികവ് മൈ ഓൺ അറ്റ്ലസ് | ഒമ്പതാം ക്ലാസിലെ സാമൂഹിക ശാസ്ത്രത്തിലെ ഭൂമിശാസ്ത്ര പാഠങ്ങളുമായി ബന്ധപ്പെട്ട ഭൂപട പഠനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| സംസ്ഥാനങ്ങളിലൂടെ | ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്ന പ്രോജക്ട് എട്ടാം ക്ലാസിലെ കുട്ടികൾക്കായി | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| സന്ദർശിക്കാം | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ | തിരഞ്ഞെടുത്ത തീയതികളിൽ | എല്ലാ അധ്യാപകരും |
| ഓർമ്മിക്കാം ദിനങ്ങൾ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു | തിരഞ്ഞെടുത്ത തീയതികളിൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| പൊതുവിജ്ഞാനം | പൊതുവിജ്ഞാനവർദ്ധനവിനായി എല്ലാദിവസവും അഞ്ചു ചോദ്യോത്തരങ്ങൾ നോട്ടുബുക്കിൽ കുറിക്കുന്നു തിരഞ്ഞെടുത്ത ചോദ്യങ്ങൾ കുട്ടികളോട് ചോദിക്കുന്നു എട്ടാം ക്ലാസിലെ കുട്ടികൾക്ക് | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപിക |

# യുപി വിഭാഗം സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പച്ചക്കറിത്തോട്ടം ഉണ്ടാക്കുക ഔഷധസസ്യങ്ങൾ നടുക | അക്കാദമിക വർഷം | അധ്യാപകർ, സയൻസ് ക്ലബ് |
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക , ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു ശാസ്ത്ര കിറ്റുകൾ ഉണ്ടാക്കുന്നു പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യാൻ അവസരം ഒരുക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ് |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| പഠിതാക്കളെ ശാസ്ത്രാഭിരുചി ഉള്ളവരാക്കുക | ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ, ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ് |

# സയൻസ് H.S. വിഭാഗം.

## ശാസ്ത്ര പോഷണം

ദൈനംദിന ജീവിതവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്ന ഒരു വിഷയമാണല്ലോ ശാസ്ത്രം. എന്നാൽ ശാസ്ത്ര സിദ്ധാന്തങ്ങളും, പ്രയോഗങ്ങളും ക്ലാസ് റൂം സംബന്ധിയായി പഠിപ്പിക്കുമ്പോൾ കുട്ടികൾക്ക് വിരസതയനുഭവപ്പെടുന്നു. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ നിന്നും അത് അവരെ അകറ്റുന്നു. പുതിയ അറിവുകൾ കണ്ടെത്താനുള്ള ശേഷിയും പ്രശ്നപരിഹരണത്തിനുള്ള ശേഷിയും വളരുന്നതിന് ശാസ്ത്രക്ലാസ്സുകൾ പ്രക്രിയാധിഷ്ഠിതമാകേണ്ടതുണ്ട്. ഇതിനായി സുസ ജ്ജവും നവീനവുമായ ഒരു ശാസ്ത്ര ലാബ് അത്യന്താപേക്ഷിതമാണ്. സിലബസ് അധിഷ്ഠിതമായി ലാബ് നവീകരിക്കേണ്ടത് അത്യാവശ്യമാണ്.

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രാഭിരുചി വളർത്തുക.
2. ശാസ്ത്രപഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിക്കുക.
3. പ്രക്രിയാ ശേഷികൾ സ്വാഭാവികമായി ആർജിക്കുക.
4. കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് പഠനം എളുപ്പമാക്കുക.
5. വിവിധ തരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനുമുള്ള അവസരം നൽകുക.
6. പ്രകൃതിയോടും സഹജീവികളോടും മമതയും അനുകമ്പയും രൂപപ്പെടുക.
7. നിത്യജീവിതത്തിൽ ശാസ്ത്രത്തിന്റെ പങ്കും പ്രാധാന്യവും തിരിച്ചറിയുക.
8. പഠന പ്രയാസമനുഭവിക്കുന്ന കുട്ടികളെ അത് മറി കടക്കാൻ പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനഘട്ടങ്ങൾ | നിർവഹണ കാലഘട്ടം | ചുമതല |
|---|---|---|---|
| ശാസ്ത്രപരീക്ഷണങ്ങൾ | 8,9,10 ക്ലാസ്സുകളിലെ ശാസ്ത്ര-പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>പരീക്ഷണസാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ .<br>ഓരോ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ കുട്ടികൾക്ക് തന്നെ ചെയ്യുന്നതിനായുള്ള അവസരം നൽകൽ.<br>ICT സൗകര്യം ഉപയോഗിച്ച് പരീക്ഷണങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കൽ. | ജൂൺ<br>അക്കാദമിക വർഷം മുഴുവൻ | സയൻസ് അദ്ധ്യാപകർ |
| ദിനാചരണങ്ങൾ | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുന്നു.<br>പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ .<br>സമകാലീന ശാസ്ത്ര വാർത്തകൾ കണ്ടെത്തി പ്രദർശിപ്പിക്കൽ. | അക്കാദമിക വർഷം മുഴുവൻ | സയൻസ് ക്ലബ് |
| പരിസ്ഥിതി സൗഹൃദ വിദ്യാലയം | പരിസ്ഥിതി ദിനം സമുചിതമായി ആചരിക്കൽ<br>പച്ചക്കറി തോട്ടം നിർമിക്കൽ<br>ഊർജ സംരക്ഷണം, ജല സംരക്ഷണം, മാലിന്യ നിർമാർജനം, പ്ലാസ്റ്റിക് മാലിന്യ നിർമാർജനം, ഇ-വേസ്റ്റ് | ജൂൺ | പരിസ്ഥിതി ക്ലബ് |

| | | | |
|---|---|---|---|
| | നിർമാർജനം തുടങ്ങിയ സമകാലീന പ്രശ്നങ്ങൾ ചർച്ച ചെയ്യൽ | | |
| ശാസ്ത്ര ലോകം | പുത്തൻ സാങ്കേതിക വിദ്യയും, കണ്ടെത്തലുകളും പരിചയപ്പെടൽ<br>വിവിധ ശാസ്ത്രമത്സരങ്ങളിൽ പങ്കെടുക്കൽ<br>ശാസ്ത്ര പ്രദർശനം ശാസ്ത്ര കാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ |

<u>അനുബന്ധ പ്രവർത്തനങ്ങൾ</u>

CWSN കുട്ടികളെ സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കാൻ വിദ്യാലയം പ്രതിജ്ഞാബദ്ധമാണ്. ഭൗതികമായും മാനസികമായും അവരെ മുന്നിലെത്തിക്കാൻ മുഴുവൻ സമയ റിസോഴ്സ് ടീച്ചറു ടെ സേവനം ഉറപ്പാക്കും.

കൗമാരപ്രായക്കാരായ കുട്ടികൾ സ്വാഭാവികമായും ലഹരിവസ്തുക്കൾക്ക് അടിമപ്പെടാനുള്ള സാധ്യതയുണ്ട്. സ്കൂളിൽ പ്രവർത്തിച്ചുവരുന്ന ലഹരി വിരുദ്ധ ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തും . അവബോധ ക്ലാസുകൾ കുട്ടികൾക്കായി നടത്തും. ലഹരി ഉപയോഗത്തിന്റെ ഭീകരാവസ്ഥ മനസ്സിലാക്കി കൊടുക്കുന്ന വീഡിയോകൾ പ്രദർശിപ്പിക്കും. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ പിടിഎയുമായി സഹകരിച്ച് സംഘടിപ്പിക്കും.

സ്കൂളും പരിസരവും ഹരിതാഭം ആക്കാൻ പച്ചക്കറി തോട്ടം ,പൂന്തോട്ടം ഇവ കാര്യക്ഷമമായി നിർമിക്കും. ഓരോ ക്ലാസിനും അതിൻറെ ചുമതലകൾ നൽകും.